# ദൂത് 3: വിശ്വാസം കാക്കുക

## I. പുതിയനിയമത്തിൽ, വിശ്വാസം വസ്തുനിഷ്ഠവും വ്യക്തിനിഷ്ഠവുമാണ്

- വസ്തുനിഷ്ഠമായ വിശ്വാസം നമ്മുടെ വിശ്വാസത്തിന്റെ വിഷയത്തെ, അതായത് നാം വിശ്വസിക്കുന്ന കാര്യങ്ങളെ പരാമർശിക്കുന്നു; ഈ വസ്തുനിഷ്ഠമായ വിശ്വാസത്തിൽ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കങ്ങൾ ഉൾപ്പെടുന്നു. എഫെസ്യർ 4:13-ലെ *വിശ്വാസം* വിശ്വസിക്കുന്ന പ്രവൃത്തിയെന്ന വിശ്വാസമല്ല, മറിച്ച് വസ്തുനിഷ്ഠമായ വിശ്വാസമാണ്. വസ്തുനിഷ്ഠമായ വിശ്വാസത്തിന്റെ ഇനങ്ങൾ നമ്മുടെ രക്ഷയോടു ബന്ധപ്പെട്ട ഇനങ്ങൾ മാത്രമാണ്—മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ വ്യക്തിയോടും വേലയോടും ബന്ധപ്പെട്ട ഇനങ്ങൾ മാത്രമാണ്. [Eph. 4:12] അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം.

- വ്യക്തിനിഷ്ഠമായ വിശ്വാസം വിശ്വാസിക്കുക എന്ന നമ്മുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ അർഥമനുസരിച്ച്, കർത്താവിൽ വിശ്വാംശം ഉണ്ടായിരിക്കുകയെന്നാൽ അവനിൽ വിശ്വസിക്കുക എന്നാണ്. ക്രിസ്തുവിലുള്ള എല്ലാ യഥാർത്ഥ വിശ്വാസികളും ക്രിസ്തുവിനോടു ബന്ധപ്പെട്ട വിശ്വാസം ഉണ്ടായിരിക്കുന്നതിൽ ഒന്നാണ്. [1 Tim. 1:19] വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ...

- 1 തെസ്സലൊനീക്യർ 3:2-ൽ വിശ്വാസം 5, 6, 10 എന്നീ വാക്യങ്ങളിലെന്നപോലെ വിശുദ്ധന്മാർ വിശ്വസിക്കുന്നതിനെ പരാമർശിക്കുന്ന വ്യക്തിനിഷ്ഠം മാത്രമല്ല, മറിച്ച് 1 തിമൊഥെയൊസ് 3:9; 4:1; 2 തിമൊ. 4:7 എന്നിവയിലെപ്പോലെ നാം എന്തിൽ വിശ്വസിക്കുന്നു എന്നതിനെ പരാമർശിക്കുന്ന വസ്തുനിഷ്ഠവുമാണ്. വിശ്വാസത്തിന്റെ ഈ രണ്ടു വശങ്ങളും പരസ്പരം ഉൾക്കൊള്ളുന്നു. നമ്മുടെ വിശ്വാസം (വ്യക്തിനിഷ്ഠ വിശ്വാസം) നാം വിശ്വസിക്കുന്ന കാര്യങ്ങളിൽ നിന്നും നാം വിശ്വസിക്കുന്ന കാര്യങ്ങളിലും (വസ്തുനിഷ്ഠമായ വിശ്വാസം) ആണ്. [1 Tim. 3:9] വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

## II. "ഞാൻ വിശ്വാസം കാത്തു"

- *ഇവിടെ വിശ്വാസം വസ്തുനിഷ്ഠമാണ്.* ഈ വാക്യത്തിലെ വിശ്വാസം എന്ന പദം, നമ്മുടെ വിശ്വാസത്തിന്റെ വസ്തുവായി അവന്റെ വ്യക്തിത്വത്തെയും അവന്റെ വീണ്ടെടുപ്പിൻ വേലയെയും എടുത്തുകൊണ്ട് ക്രിസ്തുവിൽ നാം വിശ്വസിക്കുന്നതിനെ വിവക്ഷിക്കുന്നു. [2 Tim. 4:7] ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

- വിശ്വാസം കാക്കുകയെന്നാൽ ദൈവത്തിന്റെ മുഴുവൻ പുതിയനിയമ വ്യവസ്ഥയും— ദൈവത്തിന്റെ ദേഹരൂപവും ദൈവത്തിന്റെ മർമ്മവുമായ ക്രിസ്തുവിനെയും ക്രിസ്തുവിന്റെ ശരീരവും ക്രിസ്തുവിന്റെ മർമ്മവുമായ സഭയെയും സംബന്ധിച്ച വിശ്വാസം.

## III. 1 തിമൊഥെയൊസ് 6:12 പറയുന്നു, "വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക"

- വിശ്വാസത്തിനുവേണ്ടി പൊരുതുകയെന്നാൽ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കുവേണ്ടി പൊതുതുക എന്നാണ് അർഥമാക്കുന്നത്. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ച് സമ്പൂർണ സുവിശേഷത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി പൊരുതുന്നതാണ്. [Eph. 1:10] അത് അവനിൽ സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലതും, ക്രിസ്തുവിൽ തലമപ്പെടുക എന്ന കാലസമ്പൂർണതയുടെ വ്യവസ്ഥയിങ്കലേക്ക് ആകുന്നു,.

- വ്യത്യസ്ത പഠിപ്പിക്കലുകൾ നിമിത്തം, സഭ ഇപ്പോൾത്തന്നെ അധഃപതിക്കുകയും, വിശ്വാസത്തിൽനിന്നും വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു. വിശ്വാസത്തിൽനിന്നുള്ള വ്യതിചലനത്തിനെതിരെ പൊരുതുവാൻ, അതായത് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ പൗലൊസ് തിമൊഥെയൊസിനോട് ആവശ്യപ്പെട്ടു. [1 Tim. 6:12] വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക...

## IV. 1 തിമൊഥെയൊസ് 6:12-ൽ പൗലൊസ് തുടർന്നു പറയുന്നു, "നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്ക് നിന്നെ വിളിച്ചിരിക്കുന്നു"

- ക്രിസ്തീയ ജീവിതത്തിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നതിന് നാം ഈ ജീവനെ—നിത്യജീവനെ, ദിവ്യജീവനെ—മുറുകെപ്പിടിക്കുകയും മനുഷ്യജീവനിൽ ആശ്രയിക്കാതിരിക്കുകയും വേണം.

- നാം വസ്തുനിഷ്ഠമായി മാത്രമല്ല, വ്യക്തിനിഷ്ഠമായും നിത്യജീവനെ മുറുകെപ്പിടിച്ചുകൊണ്ട് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുന്നു.
  [1 Tim. 6:12] ..നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും...

**V. ശരിയായ ക്രിസ്തീയ ജീവിതത്തിൽ ദൈവത്തിന്റെ വ്യവസ്ഥയിലെ ദിവ്യ സമ്പത്തിൽ പങ്കുചേരാനുള്ള വിശ്വാസം കാക്കുന്നത് ഉൾപ്പെടുന്നു**

- ദൈവത്തിന്റെ വ്യവസ്ഥ വിശ്വാസത്തിലുള്ള ഒരു കാര്യമാണ്, അതായത്, വിശ്വാസത്തിന്റെ മണ്ഡലത്തിലും മൂലകത്തിലും ആരംഭിക്കുകയും വികാസംപ്രാപിക്കുകയും ചെയ്ത ഒരു കാര്യമാണ്.

- തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് തന്നെത്തന്നെ പകരുക എന്ന ദൈവത്തിന്റെ വ്യവസ്ഥ, സ്വാഭാവിക മണ്ഡലത്തിലോ ന്യായപ്രമാണത്തിന്റെ വേലയിലോ ഉള്ള ഒരു കാര്യമല്ല, മറിച്ച് ക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടുംജനനത്തിലൂടെ പുതിയ സൃഷ്ടിയുടെ ആത്മിക മണ്ഡലത്തിലുള്ള ഒരു കാര്യമാണ്. [1 Tim. 1:4] വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ...

**VI. നാം വിശ്വാസത്തിന്റെ മർമം നിർമല മനസ്സാക്ഷിയിൽ മുറുകെപ്പിടിക്കണം**

[1 Tim. 3:9] വിശ്വാസത്തിന്റെ മർമം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം..

- വിശ്വാസം എന്നത് നാം വിശ്വസിക്കുന്ന കാര്യങ്ങളെ, സുവിശേഷത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളെ, പരാമർശിക്കുന്നു. വിശ്വാസത്തിന്റെ മർമം മുഖ്യമായും ദൈവത്തിന്റെ മർമമായ ക്രിസ്തുവും, ക്രിസ്തുവിന്റെ മർമമായ സഭയും ആണ്. [Col. 2:2] ...ക്രിസ്തു എന്ന ദൈവമർമത്തിന്റെ . [Eph. 3:4] ...ക്രിസ്തുവിന്റെ മർമത്തിലുള്ള എന്റെ ഗ്രാഹ്യം...

- വിശ്വാസത്തിന്റെ മർമത്തെ മുറുകെപ്പിടിക്കുന്നതിന്, നമുക്ക് ഒരു നിർമല മനസ്സാക്ഷി, ഏതു കലർപ്പിൽനിന്നും നീർമലീകരിക്കപ്പെട്ട ഒരു മനസാക്ഷി, ഉണ്ടായിരിക്കണം.

**VII. യൂദാ തന്റെ ലേഖനത്തിൽ പറയുന്നു: "വിശുദ്ധന്മാർക്ക് ഒരിക്കലായി ഏല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി ആത്മാർഥമായി പോരാടുവാൻ നിങ്ങളെ എഴുതി പ്രബോധിപ്പിക്കുന്നത് ആവശ്യം എന്ന് എനിക്കു തോന്നി**

- ഈ വാക്യത്തിലെ *വിശ്വാസം* വ്യക്തിനിഷ്ഠമല്ല; അത് വസ്തുനിഷ്ഠമാണ്, അത് നമ്മുടെ വിശ്വസിക്കുന്ന പ്രവൃത്തിയെ അല്ല, മറിച്ച് നമ്മുടെ വിശ്വാസത്തെ, നാം എന്തു വിശ്വസിക്കുന്നു എന്നതിനെ, സൂചിപ്പിക്കുന്നു.
- പുതിയനിയമത്തിലെ ഉള്ളടക്കത്തെ നമ്മുടെ വിശ്വാസമായി സൂചിപ്പിക്കുന്നു, ഈ വിശ്വാസം, ഏതെങ്കിലും ഉപദേശമല്ല, വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. ഈ വിശ്വാസത്തിനായി നാം പോരാടണം.
  [Jude 3] ...വിശുദ്ധന്മാർക്ക് ഒരിക്കലായി ഏൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി ആത്മാർഥമായി പോരാടുവാൻ. [Titus 1:4] പൊതുവിശ്വാസപ്രകാരം നിജ മകനായ തീത്തൊസിന്...

**VIII. നാമെല്ലാവരും “വിശ്വാസത്തിന്റെ ഒരുമയിൽ എത്തിച്ചേരണം** [Eph. 4:12] അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്..എത്തിച്ചേരുവോളം.

- ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന വിശ്വാസം വസ്തുനിഷ്ഠമായ വിശ്വാസമാണ്. വിശ്വാസത്തിന്റെ ഒരുമ ദൈവപുത്രനെക്കുറിച്ചുള്ള നമ്മുടെ പൂർണ പരിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നു. നാം ക്രിസ്തുവിനെ കേന്ദ്രമായി എടുക്കുകയും അവനിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ നമുക്ക് വിശ്വാസത്തിന്റെ ഒരുമായിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളൂ.
  [1 Tim. 6:21] ഇതു നിമിത്തം ചിലർ, ഇത് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട്, വിശ്വാസം സംബന്ധിച്ച്, ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു...